"ഇന്ദിരാ ആവാസ് യോജന പദ്ധതി"

865. [1074] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നിവയിലൂടെ നടപ്പാക്കുന്ന "ഇന്ദിരാ ആവാസ് യോജന" പദ്ധതിമൂലം ഇതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്കു വീടുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിലൂടെ നൽകുന്ന വീടുകൾക്കുള്ള തുക തീരെ അപര്യാപ്തമായതുകൊണ്ടു പതിനായിരം രൂപ ആയി ഉയർത്തുന്നതിന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള "ഇന്ദിരാ ആവാസ് യോജന" ഭവന നിർമ്മാണ പദ്ധതികൾ ആർ. എൽ. ഇ. ജി. പി. യിൽ മാത്രമാണുള്ളത്. ഈ പദ്ധതിപ്രകാരം ഇതുവരെ 17173 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ അനുവദിക്കുന്ന വീടുകൾ തീർക്കുന്നതിന് അപര്യാപ്തമായതിനാൽ തുക ഉയർത്തുന്നതിനെപ്പറ്റി കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ദേശീയതൊഴിൽ ഭദ്രതാ പരിപാടി

866. [1076] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ തൊഴിൽ ഭദ്രതാ പരിപാടി (ആർ. എൽ. ഇ. ജി. പി.) അനുസരിച്ച് സംസ്ഥാനത്ത് ഈ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

ദേശീയ തൊഴിൽ ഭദ്രതാ പരിപാടിയിൽ ഈ വർഷം ഗ്രാമീണ ലിങ്ക് റോഡുകളുടെ നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഗ്രൂപ്പു ഹൗസിംഗ് സ്കീം, കക്കൂസ് നിർമ്മാണം, വെള്ളക്കെട്ടു പ്രദേശങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ള ചില പ്രത്യേക ജോലികൾ എന്നിവയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

വേങ്കോട് മുക്കോല റോഡ് ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യുന്നതിനുള്ള നിർദ്ദേശം

867. [1078] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ബ്ലോക്കിന്റെ കീഴിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കിയ വേങ്കോട്—മുക്കോല റോഡ് ആർ. എൽ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ ഈ റോഡ് ടാർ ചെയ്യുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly